കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസസ് സർവ്വകലാശാല
മീറ്റ് ടെക്നോളജി യൂണിറ്റ്
മണ്ണുത്തി.പി.ഒ- 680 651, ത്രിശ്ശൂർ, കേരള
ഫോൺ:0487 2370956, 8301860956 E mail: lptmty@kvasu.ac.in

നമ്പർ എം. റ്റി.യു/ എം.റ്റി.വൈ/ക്വട്ടേഷൻ/1172/2025 മണ്ണുത്തി, തിയതി : 13/08/2026

## ക്വട്ടേഷൻ നോട്ടീസ്സ്

കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റി, മീറ്റ് ടെക്നോളജീ യൂണിറ്റ്, മണ്ണുത്തിയിലേക്ക് ഒരു വർഷത്തേക്ക് താഴെ പറയുന്ന പ്രവൃത്തിയിലേയ്ക്ക് മൽസര സ്വഭാവമുള്ള ക്വട്ടേഷൻ ക്ഷണിച്ചു കൊള്ളുന്നു. ക്വട്ടേഷനുകൾ നിർദ്ദിഷ്ട പ്രൊഫോർമയിൽ തയ്യാറാക്കി മുദ്രവെച്ച കവറിൽ സമർപ്പിക്കേണ്ടതാണ്. ക്വട്ടേഷനോടൊപ്പം ബാധകമായ നിരത ദ്രവ്യം പണമായോ പ്രൊഫസർ ആന്റ് ഹെഡ് മീറ്റ് ടെക്നോളജിയുടെ പേരിൽ മാറാവുന്ന ഡി.ഡി മുഖേനയോ സമർപ്പിക്കാവുന്നതാണ്. ക്വട്ടേഷനുകൾ ***31/08/2026 പകൽ 2 മണിവരെ*** സ്വീകരിക്കുന്നതാണ്.

നിരതദ്രവ്യമായി അടയ്ക്കേണ്ട തുക - 1500/-

സുരക്ഷിത നിക്ഷേപ തുക -7000/-

### പ്രവൃത്തി

1. മീറ്റ് ടെക്നോളജി യൂണിറ്റിലെ മാംസോൽപന്നങ്ങൾ സൂക്ഷിക്കുന്ന **വാക്ക് ഇൻ ഡീപ്പ് ഫ്രീസറും**, കാർകസ് യൂടെലൈസേഷൻ പ്ലാന്റിലെ **വാക്ക് ഇൻ ഫ്രീസറും** 24 മണിക്കൂറും (24*7) പ്രവർത്തിപ്പിക്കുക.
2. മേൽ പറഞ്ഞ ഫ്രീസറുകളിൽ സൂക്ഷിച്ചിരിക്കുന്ന ഉത്പന്നങ്ങൾ കേട്ട വരാതെ സൂക്ഷിക്കപ്പെടുന്ന രീതിയില് ഫ്രീസറുകളുടെ പ്രവർത്തനവും പരിപാലനവും ഉത്തരവാദിത്തത്തോടുകൂടി നിർവഹിക്കുക.
3. മേൽ പറഞ്ഞ ഫ്രീസറുകളുടേയും മീറ്റ് ടെക്നോളജി യൂണിറ്റിലെ ചില്ലറിന്റെയും പ്രവർത്തനം നിരീക്ഷിക്കുകയും ആവശ്യം വേണ്ട റിപ്പയർ ആൻഡ് മെയിന്റനൻസ് നടത്തുകയും കൂടുതൽ പ്രവൃത്തികള് ആവശ്യമാകുന്ന പക്ഷം മറ്റു വിദഗ്ധരെ യൂണിറ്റുകളിൽ ഏർപ്പാടാക്കുകയും ചെയ്യുന്ന പ്രവൃത്തി.
4. മീറ്റ് ടെക്നോളജി യൂണിറ്റിൽ പ്രവർത്തിക്കുന്ന Non-IBR ബോയിലറുകൾ, ജനറേറ്റർ എന്നിവ ആവശ്യാനുസരണം പ്രവർത്തിപ്പിക്കുന്ന ജോലി.
5. ഈ സ്ഥാപനത്തിലെ ചെറിയ രീതിയിലുള്ള ഇലക്ട്രിക്കല്/മെക്കാനിക്കൽ റിപ്പയർ വർക്കുകൾ നടത്തുക.
6. സ്ഥാപന മേധാവിയുടെ നിർദ്ദേശ പ്രകാരം അത്യാവശ്യം വരുന്ന മറ്റു ജോലികള് നിർവഹിക്കുക.

കരാർ ലഭിക്കുന്ന വ്യക്തി സ്വയം മേൽ പ്രവൃത്തി ഏറ്റെടുക്കുകയാണെങ്കിൽ പ്രസ്തുത വ്യക്തിക്ക് ചുവടെ ചേർത്തിരിക്കുന്ന **യോഗ്യത ഉണ്ടായിരിക്കേണ്ടതാണ്.** അല്ലാത്തപക്ഷം കരാർ ലഭിക്കുന്ന വ്യക്തി ചുമതലപ്പെടുത്തുന്ന **ടെക്നിഷ്യൻസിന് ചുവടെ ചേർത്തിരിക്കുന്ന യോഗ്യത ഉണ്ടായിരിക്കേണ്ടതാണ്.**

### നിഷ്കർഷിക്കുന്ന യോഗ്യതകൾ

MRAC (Mechanic Refrigeration and Air Conditioning) അല്ലെങ്കിൽ Electrician ട്രേഡിൽ NCVT സർട്ടിഫിക്കറ്റ്.

അല്ലെങ്കിൽ

മീറ്റ് ടെക്നോളജി യൂണിറ്റ്, മണ്ണുത്തിയിൽ നിന്നുള്ള ഒരു വർഷത്തിൽ കുറയാത്ത സ്റ്റൈപെൻഡിയറി ട്രെയിനിംഗ് സർട്ടിഫിക്കറ്റ്.

അല്ലെങ്കിൽ

ഇൻഡസ്ട്രിയൽ റഫ്രിജറേഷൻ യൂണിറ്റുകളിലോ, കോൾഡ് സ്റ്റോറേജുകളിലോ അല്ലെങ്കിൽ സമാന ജോലിയിൽ ഒരു വർഷത്തിൽ കുറയാത്ത പ്രവൃത്തി പരിചയം.

| ക്വട്ടേഷൻ പ്രൊഫോർമ | |
|---|---|
| വ്യക്തി/സ്ഥാപനത്തിന്റെ പേര് | |
| പൂർണ്ണമായ വിലാസം<br>പിൻകോഡ് സഹിതം | |
| ഫോൺ നമ്പർ<br>ഇ-മെയിൽ | |
| ആധാർ നമ്പർ | |
| പാൻ നമ്പർ | |
| ജി.എസ്.റ്റി നമ്പർ<br>(സ്ഥാപനങ്ങൾക്ക് മാത്രം ബാധകം) | |
| ബാങ്ക് അക്കൗണ്ട് വിശദാംശങ്ങൾ | |
| ക്വട്ടേഷൻ നോട്ടീസിൽ പ്രതിപാദിച്ചിട്ടുള്ള പ്രവൃത്തികൾക്കുള്ള പ്രതിമാസ നിരക്ക് (ബാധകമായ നികുതിയും മറ്റിനങ്ങളും ഉൾപ്പടെ) | |

**സത്യവാങ്മൂലം**

മേൽ പറഞ്ഞ വിവരങ്ങൾ എന്റെ അറിവിലും ബോധ്യത്തിലും സത്യമാണെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു. ക്വട്ടേഷൻ വ്യവസ്ഥകൾ പുർണ്ണമായും മനസ്സിലാക്കിയിട്ടുള്ളതാണ്.

സ്ഥലം. ഒപ്പ്.

തിയ്യതി. പേര്

# നിബന്ധനകൾ

1. ക്വട്ടേഷനുകൾ മുദ്രവെച്ച കവറിൽ ഏത് പ്രവൃത്തിക്കുള്ള ക്വട്ടേഷനാണ് എന്ന് കൃത്യമായി രേഖപ്പെടുത്തി സമർപ്പിക്കേണ്ടതാണ്. ഇപ്രകാരം സമർപ്പിക്കാത്ത ക്വട്ടേഷനുകൾ സ്വീകരിക്കുന്നതല്ല. അപൂർണ്ണമായതും വ്യക്തമല്ലാത്തതുമായ ക്വട്ടേഷനുകൾ നിരസിക്കുന്നതാണ്. ക്വട്ടേഷനോടൊപ്പം നിരതദ്രവ്യം (1500/-രൂപ) പണമായോ പ്രൊഫസർ ആന്റ് ഹെഡ്, മീറ്റ് ടെക്നോളജി യൂണിന്റെ പേരിൽ ഡി.ഡി മുഖേനയോ സമർപ്പിക്കാവുന്നതാണ്.
2. ക്വട്ടേഷൻ ലഭിക്കുന്ന വ്യക്തി/സ്ഥാപനം ക്വട്ടേഷൻ ഉറപ്പിച്ച 5 ദിവസത്തിനുള്ളിൽ 200 രൂപയുടെ മുദ്രപത്രത്തിൽ ഈ സ്ഥാപനവുമായി കരാറിൽ ഏർപ്പെടേണ്ടതും **7000/-രൂപ** പെർഫോമൻസ് സെക്യൂരിറ്റി/സുരക്ഷിത നിക്ഷേപ തുക കെട്ടി വെയ്ക്കേണ്ടതുമാണ്.
3. ക്വട്ടേഷൻ ലഭിച്ച കരാറുകാരന്/വ്യക്തിയ്ക്ക് ക്വട്ടേഷനിൽ രേഖപ്പെടുത്തിയ നിരക്കിലുള്ള തുകയ്ക്കല്ലാതെ മറ്റൊരു അനുകൂല്യങ്ങൾക്കും അർഹതയുണ്ടായിരിക്കുന്നതല്ല.
4. എന്തെങ്കിലും കാരണവശാൽ ക്വട്ടേഷൻ ഉറപ്പാക്കുന്ന വ്യക്തി ക്വട്ടേഷനിൽ പറഞ്ഞിരിക്കുന്നതു പ്രകാരം പ്രവൃത്തിക്കാതിരിക്കുന്ന പക്ഷം, പുതിയ ക്വട്ടേഷൻ വിളിക്കുകയോ, നെഗോസിയേഷൻ വഴി തൊട്ടടുത്ത കുറഞ്ഞ നിരക്കിൽ ക്വട്ടേഷൻ സമർപ്പിച്ച വ്യക്തിക്കോ ക്വട്ടേഷൻ കൈമാറാൻ ഉള്ള അധികാരം പ്രൊഫസർ ആന്റ് ഹെഡ്, മീറ്റ്ടെക്നോളജിക്ക് ഉണ്ടായിരിക്കുന്നതാണ്. അത്തരത്തിൽ ഈ സ്ഥാപനത്തിന് ഉണ്ടാകുന്ന നഷ്ടം ക്വട്ടേഷൻ സ്വീകരിച്ച വ്യക്തിയുടെ/കരാറുകാരന്റെ പെർഫോമൻസ് സെക്യൂരിറ്റി/സുരക്ഷിത നിക്ഷേപ തുകയിൽ നിന്നും വസൂലാക്കുന്നതാണ്.
5. ക്വട്ടേഷൻ ലഭിച്ച വ്യക്തി /സ്ഥാപനം/കരാറുകാരൻ കരാർ പ്രകാരമുള്ള പ്രവൃത്തിക്കായി തൊഴിലാളികളെ/ടെക്നിഷ്യനെ നിയോഗിക്കുമ്പോൾ സംസ്ഥാന,കേന്ദ്ര സർക്കാരിന്റെ തൊഴിൽ നിയമങ്ങൾ പാലിക്കേണ്ടതും ടി നിയമങ്ങൾ പ്രകാരം തൊഴിലാളികൾക്ക് ബാധകമായ അനുകൂല്യങ്ങൾ (ഇ.പി.എഫ്, ഇ.എസ്.ഐ,ഇൻഷ്വറൻസ് മുതലായവ) ലഭ്യമാക്കേണ്ടത് ക്വട്ടേഷൻ ലഭിച്ച വ്യക്തിയുടെ മാത്രം ബാധ്യതയാണ്. ഈ സ്ഥാപനത്തിന് അത്തരം കാര്യങ്ങളിൽ യാതൊരുവിധ ബാധ്യതകളും ഉണ്ടായിരിക്കുന്നതല്ല.
6. കരാർ തുകയിൽ നിന്ന് ബാധകമായ നിരക്കിൽ ആദായ നികുതി/മറ്റു ബാധകമായ നികുതികൾ എന്നിവ ഈടാക്കുന്നതാണ്.
7. സമർപ്പിക്കുന്ന ക്വട്ടേഷനുകളിൽ നികുതി (ബാധകമാണെങ്കിൽ) ഉൾപ്പെടെയുള്ള നിരക്കാണ് രേഖപ്പെടുത്തേണ്ടത്.
8. ഏതെങ്കിലും കാരണത്താൽ ക്വട്ടേഷൻ അവസാനിക്കുന്ന തീയ്യതിക്കുമുമ്പ് വീണ്ടും ക്വട്ടേഷൻ വിളിക്കാൻ കാലതാമസം നേരിട്ടാൽ ക്വട്ടേഷൻ ലഭിച്ചു ഉറപ്പിച്ച വ്യക്തി തന്നെ സ്ഥാപനമേധാവിയുടെ അംഗീകാരത്തോടെ അടുത്ത ക്വട്ടേഷൻ പ്രാബല്യത്തിലാകുന്ന തീയ്യതിവരെ തുടരേണ്ടതാണ്.
9. മീറ്റ് ടെക്നോളജി യൂണിറ്റിലെ മാംസോൽപന്നങ്ങള് സൂക്ഷിക്കുന്ന വാക്ക് ഇന് ഡീപ്പ് ഫ്രീസറും, കാർക്കസ് യൂടെലൈസേഷൻ പ്ലാന്റിലെ വാക്ക് ഇൻ ഫ്രീസറും പ്രവർത്തിപ്പിക്കുന്ന **ജോലിക്ക്** ക്വട്ടേഷൻ സമർപ്പിക്കുമ്പോൾ **ടെക്നിഷ്യൻസിന്റെ** പ്രവൃത്തി പരിചയം/ പ്രായോഗിക പരിജ്ഞാനം തെളിയിക്കുന്ന രേഖ ക്വട്ടേഷനോടൊപ്പം സമർപ്പിക്കേണ്ടതാണ്..
10. മേൽ വ്യവസ്ഥകൾ ലംഘിക്കുന്ന ക്വട്ടേഷൻ സ്വീകരിച്ച വ്യക്തിയെ /കരാറുകാരനെ ഈ സ്ഥാപനത്തിന്റെ പിന്നീടുള്ള ക്വട്ടേഷനുകളിൽ പങ്കെടുക്കുന്നതിൽ നിന്ന് വിലക്കുന്നതും പെർഫോമൻസ് സെക്യൂരിറ്റി/സുരക്ഷിത നിക്ഷേപ തുക കണ്ടുകെട്ടി യൂണിവേഴ്സിറ്റിയിലേയ്ക്ക് ഒടുക്കുന്നതുമാണ്.

11. ക്വട്ടേഷൻ/കരാർ വ്യവസ്ഥകൾ ലംഘിച്ചാൽ ക്വട്ടേഷൻ കാലാവധി കണക്കാക്കാതെ തന്നെ ക്വട്ടേഷൻ/കരാർ അവസാനിപ്പിക്കാൻ മീറ്റ് ടെക്നോളജി യൂണിറ്റ് മേധാവിയ്ക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.
12. സർക്കാർ ക്വട്ടേഷന്റെ എല്ലാ വ്യവസ്ഥകളും ഈ ക്വട്ടേഷനും ബാധകമാണ്.
13. യാതൊരു കാരണവും കാണിക്കാതെ തന്നെ ക്വട്ടേഷൻ മാറ്റി വെയ്ക്കുന്നതിനോ അസ്ഥിരപ്പെടുത്തുന്നതിനോ ഉള്ള അധികാരം ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമാണ്.
14. ക്വട്ടേഷൻ മുഖേന പ്രവൃത്തി ഏറ്റെടുക്കുന്ന വ്യക്തി/ സ്ഥാപനത്തിന് മീറ്റ് ടെക്നോളജി യൂണിറ്റില് നിന്നുള്ള പ്രവൃത്തിപരിചയ സർട്ടിഫിക്കറ്റിന് അർഹത ഉണ്ടായിരിക്കുന്നതല്ല.

ക്വട്ടേഷനുകൾ **31-08-2026, പകൽ 2** മണിവരെ സ്വീകരിക്കുന്നതും അന്നേ ദിവസം തന്നെ **2.30 P M** ന് തുറന്ന് പരിശോധിക്കുന്നതുമാണ്. ഏതെങ്കിലും കാരണത്താൽ ക്വട്ടേഷനുകൾ അന്നേ ദിവസം തുറന്ന് പരിശോധിക്കുവാൻ കഴിയാതെ വന്നാൽ തൊട്ടടുത്ത പ്രവൃത്തി ദിവസം തന്നെ തുറന്ന് പരിശോധിക്കുന്നതാണ്. ക്വട്ടേഷനുകൾ പ്രത്യേക കാരണം കൂടാതെ സ്വീകരിക്കുവാനും നിരസിക്കുവാനുമുള്ള അധികാരം സ്ഥാപന മേധാവിയിൽ നിക്ഷിപ്തമാണ്. കൂടുതൽ വിവരങ്ങൾ പ്രവൃത്തി ദിനങ്ങളിൽ കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റി, മീറ്റ് ടെക്നോളജി യൂണിറ്റ്, മണ്ണുത്തിയിൽ നിന്നും ലഭ്യമാണ്. ഫോൺ :**0487- 2370956, 8301860956.**

പ്രൊഫസർ ആന്റ് ഹെഡ്

PROFESSOR & HEAD
Meat Technology Unit
Kerala Veterinary & Animal Sciences University
Mannuthy P.O. - 680 651, Thrissur, Kerala, India

പകർപ്പ്

1. നോട്ടീസ് ബോർഡ്, മീറ്റ് ടെക്നോളജി യുണിറ്റ്, മണ്ണുത്തി.
2. നോട്ടീസ് ബോർഡ് ,കോളേജ് ഓഫീസ്/കാന്റീൻ.
3. KVASU Website www.kvasu.ac.in.
4. നോട്ടീസ് ബോർഡ്, സമീപത്തുള്ള ഗവൺമെന്റ് ഓഫീസുകൾ

KERALA VETERINARY & ANIMAL SCIENCES UNIVERSITY ★ MEAT TECHNOLOGY UNIT ★ MANNUTHY - 680 651 THRISSUR